# ഗ്രാമവികസന കമ്മീഷണറുടെ നടപടിക്രമം.

(ഹാജർ:എച്ച്.ദിനേശൻ, ഐ.എ.എസ്.)

## സംഗ്രഹം

ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം - ക്ലാർക്ക് / സീനിയർ ക്ലാർക്ക് തസ്തികകളുടെ എണ്ണം ജില്ലാതലത്തിൽ 1:1 എന്ന അനുപാതത്തിൽ നിലനിർത്തിക്കൊണ്ട് ജില്ലകളിലെ കേഡർ സ്ട്രെങ്ത് പുനർ നിർണ്ണയിച്ച് ഉത്തരവാകുന്നു.

**ഉത്തരവ് നം.14831/എസ്റ്റാ. സി.3/2019/സിആർഡി തീയതി: 18/01/2022**

പരാമർശം : 1. ജി.ഒ. (എം.എസ്) 13/92/ആർ.ഡി.ഡി. തീയതി 01.08.1992
2. ജി.ഒ. (എം.എസ്) 84/2010/എൽ.എസ്.ജി.ഡി. തീയതി 30.04.2010
3. ഗ്രാമവികസന കമ്മീഷണറുടെ 10.12.2020-ലെ ഇതേ നമ്പർ ഉത്തരവ്

## ഉത്തരവ്

ഗ്രാമവികസന വകുപ്പിലെ ക്ലാർക്ക്, സീനിയർ ക്ലാർക്കുമാരുടെ എണ്ണം ജില്ലാതലത്തിൽ 1:1 എന്ന അനുപാതം നിലനിർത്തിയി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി ഉത്തരവിൽ ഗ്രാമവികസന വകുപ്പിൽ നിന്നും ബ്ലോക്ക് പഞ്ചായത്തുകളിൽ പുനർ വിന്യസിച്ചിട്ടുള്ളതും ഗ്രാമവികസന വകുപ്പിലെ കേഡർ സ്ട്രെങ്തിൽ ഉൾപ്പെട്ടിട്ടുള്ളതുമായ 11 തസ്തികകളിലെ ജീവനക്കാരെയും ഗ്രാമവികസന കമ്മീഷണറേറ്റിലെയും റൂറൽ ഇൻഫർമേഷൻ ബ്യൂറോയിലെയും ക്ലർക്ക് / സീനിയർ ക്ലർക്ക് തസ്തികയിലെ ജീവനക്കാരെയും കൂടി ഉൾപ്പെടുത്തി ജില്ലാതല അനുപാതം ചുവടെ പറയും പ്രകാരം പുനർ നിർണ്ണയിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | ജില്ലയുടെ പേര് | അനുവദിക്കപ്പെട്ടിട്ടുള്ള എണ്ണം | | |
|---|---|---|---|---|
| | | ക്ലാർക്ക് | സീനി.ക്ലാർക്ക് | ആകെ |
| 1 | തിരുവനന്തപുരം | 23 | 23 | 46 |
| 2 | കൊല്ലം | 26 | 25 | 51 |
| 3 | പത്തനംതിട്ട | 18 | 17 | 35 |
| 4 | ആലപ്പുഴ | 25 | 24 | 49 |
| 5 | കോട്ടയം | 22 | 22 | 44 |
| 6 | ഇടുക്കി | 18 | 17 | 35 |
| 7 | എറണാകുളം | 28 | 28 | 56 |
| 8 | തൃശ്ശൂർ | 31 | 31 | 62 |
| 9 | പാലക്കാട് | 26 | 25 | 51 |
| 10 | മലപ്പുറം | 29 | 28 | 57 |

| | | | | |
|---|---|---|---|---|
| 11 | കോഴിക്കോട് | 24 | 23 | 47 |
| 12 | വയനാട് | 13 | 12 | 25 |
| 13 | കണ്ണൂർ | 25 | 24 | 49 |
| 14 | കാസർഗോഡ് | 14 | 14 | 28 |
| 15 | ഗ്രാമവികസന കമ്മീഷണറേറ്റ് + റൂറൽ ഇൻഫർമേഷന് ബ്യൂറോ | 20 | 29 | 49 |
| | ആകെ | 342 | 342 | 684 |

ഓരോ ജില്ലയിലും മുകളിൽ ചേർത്ത പ്രകാരം തസ്തികകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ക്ലാർക്ക് തസ്തികയിൽ നിയമനം നടത്തേണ്ടതാണ്. സീനിയർ ക്ലാർക്ക് തസ്തികയിൽ ജില്ലാതലത്തിൽ നിയമനാധികാരി നിയമനം നടത്താൻ പാടുള്ളതല്ല. പ്രസ്തുത ഒഴിവുകൾ ഗ്രാമവികസന കമ്മീഷണറേറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. അതാതു ജില്ലകളിൽ പുനർ വിന്യസിച്ചിട്ടുള്ള ക്ലർക്ക് / സീനിയർ ക്ലർക്കിനെ കേഡർ സ്ട്രങ്ത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ, നിലവിൽ സീനിയർക്ലർക്ക് തസ്തികയിൽ ടി പട്ടികയിൽ അധികരിച്ച് ജീവനക്കാർ തുടരുന്നുണ്ടെങ്കിൽ അത്രയും എണ്ണം ഒഴിവുകൾ ക്രമീകരിച്ച ശേഷം മാത്രം, തുടർന്നുണ്ടാകുന്ന ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്താൽ മതിയാകുന്നതാണ്. ജില്ലകളിൽ നിലവിലുള്ള ആകെ സ്ട്രെങ്ത്തിൽ അധികരിച്ച് വരുന്ന തസ്തിക പുനർവിന്യസിച്ച തസ്തികയായി കണക്കാക്കാവുന്നതാണ്.

(ഒപ്പ്)
ഗ്രാമവികസന കമ്മീഷണർ

സ്വീകർത്താവ്,

എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർക്കും

പകർപ്പ്:

1. ഗ്രാമവികസന കമ്മീഷണറുടെ സി.എ-ക്ക്.
2. സീനിയർ എ.ഒ-യുടെ സി.എ-ക്ക്
3. എ.സി. & എ.ഡി. സെക്ഷൻ, സി 4 സീറ്റ്
4. സ്റ്റോക്ക്ഫയൽ/ഓഫീസ്കോപ്പി

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട്

എസ്.വി